പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2391 11/10/2011 ൽ മറുപടിയ്ക്ക്

## വിദ്യാലയങ്ങളിൽ ടോയ്‌ലറ്റ് സജ്ജീകരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. പി. അയിഷാ പോറ്റി : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) വിദ്യാലയങ്ങളിൽ ടോയ്‌ലറ്റ് സജ്ജീകരിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ; | എ) വിദ്യാലയങ്ങളിൽ ടോയ്‌ലറ്റ് സംവിധാനം സജ്ജീകരിക്കുന്നത് അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ശുപാർശയനുസരിച്ച് എല്ലാ സ്കൂളുകളിലും ടോയ്‌ലറ്റ് സംവിധാനം നടപ്പാക്കി വരുന്നു. ഈ പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. കൂടാതെ സർവ്വശിക്ഷാ അഭിയാൻ, ശുചിത്വമിഷൻ എന്നിവ വഴിയും സ്കൂളുകളിൽ ടോയ്‌ലറ്റ് സംവിധാനം സജ്ജീകരിക്കുന്നുണ്ട്. |
| ബി) ഒരു സ്കൂളിന് ടോയ്‌ലറ്റ് സജ്ജീകരിക്കുന്നതിനായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത് ; | ബി) സർവ്വശിക്ഷാ അഭിയാൻ വഴി 60,000/- രൂപയും ശുചിത്വ മിഷൻ വഴി 35,000/- രൂപ മുതൽ 55,000/- രൂപവരെയും എൽ.എസ്.ജി.ഡി, പദ്ധതി ശുപാർശയനുസരിച്ചുമാണ് ടോയ്‌ലറ്റ് സംവിധാനത്തിനായി തുക വകയിരുത്തുന്നത്. |
| സി) എല്ലാ സ്കൂളികളിലും ടോയ്‌ലെറ്റും ശുദ്ധജല വിതരണവും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ? | സി) എല്ലാ സ്കൂളുകളിലും ടോയ്‌ലറ്റും ശുദ്ധ ജല വിതരണവും ഉറപ്പുവരുത്തുന്നതിന് സർവ്വ ശിക്ഷാ അഭിയാൻ, ശുചിത്വമിഷൻ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി സഹകരിച്ച് നടപടികൾ പൂർത്തീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ